17086
4/10/19

കേരള സർക്കാർ

സംഗ്രഹം

പിന്നാക്ക വിഭാഗ വികസന വകുപ്പ് - സംസ്ഥാന ഒ..ബി.സി./എസ്.ഇ.ബി.സി. പട്ടികയിൽ നിന്നും പെരുവണ്ണാൻ (വാരണവർ) സമുദായത്തെ നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**പിന്നാക്ക വിഭാഗ വികസന (ബി) വകുപ്പ്**

**സ. ഉ. (കൈ) നം. 13/2019/പി.വി.വി.വ.** **തീയതി, തിരുവനന്തപുരം, 02.07.2019.**

==========================================================================

പരാമർശം:- 05.12.2018 -ലെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ റിപ്പോർട്ട്.

## ഉത്തരവ്

09.05.2016 ലെ കേന്ദ്ര ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഭരണഘടന പട്ടികജാതി (ഭേദഗതി) ആക്റ്റ് 2016 (ആക്റ്റ് നമ്പർ 24 of 2016) പ്രകാരം 'പെരുവണ്ണാൻ' (വാരണവർ) സമുദായത്തെ കേരളത്തിലെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുകയും 30.06.2016 മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട്, 28.06.2016 ലെ കേന്ദ്ര ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി സമുദായത്തെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ നിന്നും നീക്കം ചെയ്യേണ്ടതുണ്ട്. ആയതിലേക്ക് കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശം തേടി. ടി സമുദായത്തെ സംസ്ഥാന ഒ.ബി.സി, എസ്.ഇ..ബി.സി. പട്ടികകളിൽ നിന്നും നീക്കം ചെയ്യാൻ കമ്മീഷൻ സർക്കാരിനെ ഉപദേശിച്ചു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 30.06.2016 (2016 -ലെ ഭേദഗതി ഉത്തരവ് തീയതി) പ്രാബല്യത്തിൽ വരത്തക്ക വിധം 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം I ഷെഡ്യൂളിൽ ലിസ്റ്റ് III -ൽ 57 -ാമത്തെ ഇനമായ പെരുവണ്ണാൻ (വാരണവർ) സമുദായത്തെ സംസ്ഥാന ഒ.ബി.സി. ലിസ്റ്റിൽ നിന്നും നീക്കം ചെയ്യും, 02.05.1966 -ലെ സ.ഉ.(പി) നം.208/1966/Edn. നമ്പർ ഉത്തരവ് പ്രകാരമുള്ള എസ്.ഇ.ബി.സി. ലിസ്റ്റിൽ വിഭാഗം VI-ലെ Other Backward Hindu (OBH) -ലെ 81 -ാമത് ഇനമായി ചേർത്തിട്ടുള്ള ടി സമുദായത്തെ എസ്.ഇ.ബി.സി. ലിസ്റ്റിൽ (SEBC) നിന്നും നീക്കം ചെയ്തും ഉത്തരവാകുന്നു.

3. ഇത് സംബന്ധിച്ച വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർക്ക്
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ധനകാര്യ വകുപ്പ്
റവന്യൂ വകുപ്പ്
നിയമവകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Bindu. T

സെക്ഷൻ ഓഫീസർ